**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2702** **12-07-2022 - ൽ മറുപടിയ്ക്ക്**

**ഓവർസീസ് സ്കോളർഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പിന്നാക്ക സമുദായത്തിൽപ്പെട്ട സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കുള്ള ഓവർസീസ് സ്കോളർഷിപ്പ് ലഭിക്കാതെ നിരവധി കുട്ടികൾ ബുദ്ധിമുട്ടുന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്ത് എത്ര കുട്ടികൾക്ക് പ്രസ്തുത സ്കോളർഷിപ്പ് ലഭിച്ചിട്ടുണ്ട്; നിരവധി കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | 20 കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരം ഒരു വർഷം തെരഞ്ഞെടുക്കാവുന്ന പരമാവധി വിദ്യാർത്ഥികളുടെ എണ്ണം 20 ആണ്. 2021-22 വർഷം 363 വിദ്യാർത്ഥികൾ അപേക്ഷ സമർപ്പിച്ചതിൽ ടൈംസ് ഹയർ എഡ്യൂക്കേഷൻ ലോക യൂണിവേഴ്സിറ്റി റാങ്കിംഗിൽ ആദ്യ 200 -ൽ ഉൾപ്പെട്ട യൂണിവേഴ്സിറ്റികളിൽ പ്രവേശനം ലഭിച്ചതും വരുമാനം ഏറ്റവും കുറഞ്ഞതുമായ 20 വിദ്യാർത്ഥികളെയാണ് സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി തെരഞ്ഞെടുത്തിരുന്നത്. തെരഞ്ഞെടുക്കപ്പെടേണ്ട വിദ്യാർത്ഥികളുടെ എണ്ണം 20 ആയി നിജപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിലാണ് അപേക്ഷ സമർപ്പിച്ച മറ്റ് വിദ്യാർത്ഥികളെ സ്കോളർഷിപ്പിനായി പരിഗണിക്കാൻ സാധിക്കാതിരുന്നത്. |
| (സി) | സ്കോളർഷിപ്പ് വിതരണത്തിനുള്ള മാനദണ്ഡങ്ങൾ സുതാര്യമാക്കുന്നതിനും അർഹതപ്പെട്ട എല്ലാവർക്കും അത് ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനും അനർഹരെ ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | നിലവിൽ വളരെ സുതാര്യമായാണ് അർഹരായവരെ സർക്കാർ തലത്തിൽ തെരഞ്ഞെടുക്കുന്നത്. പിന്നാക്ക വിഭാഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, വകുപ്പ് ഡയറക്ടർ, ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള പ്രതിനിധി എന്നിവരടങ്ങിയ സമിതിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. അപേക്ഷിക്കാനുള്ള മാനദണ്ഡ പ്രകാരം അപേക്ഷിക്കുന്ന മുഴുവൻ പേർക്കും അർഹതയുണ്ടെങ്കിലും ഒരു വർഷം തെരഞ്ഞെടുക്കപ്പെടേണ്ട വിദ്യാർത്ഥികളുടെ എണ്ണം 20 ആയി നിശ്ചയിച്ചിട്ടുള്ള സാഹചര്യത്തിൽ കുടുംബ |

| | | | |
|---|---|---|---|
| | | | വാർഷിക വരുമാനം ഏറ്റവും കുറവുള്ളവർക്കാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. 6 ലക്ഷം രൂപ വരെ വരുമാനമുള്ളവർക്കാണ് സ്കോളർഷിപ്പിന് അപേക്ഷിക്കാൻ സാധിക്കുന്നത്. ഇത്തവണ അപേക്ഷകരുടെ എണ്ണം കൂടുതലായതിനാൽ യോഗ്യരായ അപേക്ഷകരിൽ ഏറ്റവും കുറഞ്ഞ കുടുംബ വാർഷിക വരുമാനമുള്ളവരെയാണ് സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി തെരഞ്ഞെടുത്തത്. തെരഞ്ഞെടുക്കപ്പെടുന്നവരുടെ വിവരങ്ങൾ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ